# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:02.04.2025**

## പ്രധാനവാർത്തകൾ

1) വഖഫ് ഭേദഗതി ബില്ലിന്മേൽ ലോക്സഭയിൽ ചർച്ച പുരോഗമിക്കുന്നു. വഖഫ് ബോർഡുകൾ മതേതര മാക്കുകയാണ് ബില്ലിലൂടെ ലക്ഷ്യമിടുന്നതെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു.
2) ബില്ലിനെ എതിർത്ത് പ്രതിപക്ഷം. ബിൽ ഭരണഘടനാ വിരുദ്ധമാണെന്ന് കോൺഗ്രസ്. സമൂഹത്തിൽ ഭിന്നിപ്പിന് ഇടയാക്കുമെന്ന് സിപിഐ(എം). ബില്ലിനെ എതിർത്ത എം പി മാരുടെ ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് നടത്തി ബി ജെ പി.
3) ആറാമത് ബിംസ്റ്റെക് ഉച്ചകോടിയിൽ പങ്കെടുക്കുന്ന തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ തായ്‌ലൻഡിലേക്ക് പുറപ്പെടും.
4) സമരം ചെയ്യുന്ന ആശാ പ്രവർത്തകരുമായി നാളെ വീണ്ടും ചർച്ച നടത്തുമെന്ന് സംസ്ഥാന സർക്കാർ.
5) ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ സെമി ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേർസ് ബെംഗളൂരു, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.

&&&&&&&&&&&&&&&&&&&

RNU TVPM

## വഖഫ് ബിൽ (ഇൻട്രോ)

വഖഫ് ഭേദഗതി ബില്ലിന്മേൽ ലോക്സഭയിൽ ചർച്ച പുരോഗമിക്കുന്നു. സംയുക്ത പാർലമെൻററി സമിതി നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തിയുള്ള ബിൽ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു ആണ് സഭയിൽ അവതരിപ്പിച്ചത്. മുസ്ലിം വിഭാഗത്തിൻറെ മതവിശ്വാസം സംബന്ധിച്ചതല്ല ഈ ബില്ലെന്നും, വഖഫ് സ്വത്തുവകകളുമായി ബന്ധപ്പെട്ടതാണിതെന്നും മന്ത്രി വ്യക്തമാക്കി. വഖഫ് ബോർഡുകൾ മതേതരമാക്കുകയാണ് ബില്ലിലൂടെ ലക്ഷ്യമിടുന്നത്. വഖഫ് ബോർഡുകളിൽ മുസ്ലിം വിഭാഗങ്ങൾക്കൊപ്പം, വനിതകളുടെയും, മറ്റ് മതവിശ്വാസികളുടെയും പ്രാതിനിധ്യം ഇതിലൂടെ ഉറപ്പുവരുത്തും. നിലവിലെ നിയമത്തിൻറെ ദുരുപയോഗം തടയുകയാണ് ഭേദഗതിയിലൂടെ ലക്ഷ്യം വെക്കുന്നതെന്നും ശ്രീ കിരൺ റിജിജു വ്യക്തമാക്കി.

RJU TVPM

(ഹോൾഡ്)

പ്രതിപക്ഷത്തിൻറെ എതിർപ്പിനിടെയാണ് ബിൽ സഭയിൽ അവതരിപ്പിച്ചത്. . ബിൽ ഭരണഘടനാവിരുദ്ധമാണെന്ന് ചർച്ചയ്ക്ക് തുടക്കം കുറിച്ച് കോൺഗ്രസ് അംഗം ഗൗരവ് ഗൊഗോയ് പറഞ്ഞു. സമൂഹത്തെ ഭിന്നിപ്പിക്കാനുള്ള ശ്രമമാണിതെന്ന് ബില്ലിനെ എതിർത്തുകൊണ്ട് സിപിഐഎം എംപി കെ രാധാകൃഷ്ണൻ പറഞ്ഞു. ന്യൂനപക്ഷത്തിനെതിരെ നടത്തുന്ന

നീക്കമാണിതെന്ന് കോൺഗ്രസ് എംപി കെ.സി വേണുഗോപാൽ വിമർശിച്ചു. വഖഫ് ബോർഡ് പ്രവർത്തനങ്ങളിൽ സുതാര്യതയും, ലിംഗനീതിയും ഉറപ്പുവരുത്തുകയാണ് ബില്ലിൻറെ ലക്ഷ്യമെന്ന് ബിജെപി അംഗം രവി ശങ്കർ പ്രസാദ് പറഞ്ഞു. ബിൽ മുസ്ലിം വിരുദ്ധമാണെന്ന് വരുത്തിത്തീർക്കാൻ തുടക്കം മുതൽ നീക്കം നടക്കുന്നതായി ബില്ലിനെ അനുകൂലിച്ച് ജെഡിയു നേതാവും കേന്ദ്രമന്ത്രിയുമായി രാജീവ് രഞ്ജൻ സിങ്ങ് ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

കുഞ്ഞാലിക്കുട്ടി വഖഫ് (ഇൻട്രോ)

മുനമ്പം വിഷയത്തിൽ ഉൾപ്പെടെ പരിഹാരം കാണാൻ വഖഫ് ഭേദഗതി ബില്ലിലൂടെ സാധിക്കുമെന്ന് ബി ജെ പി ദേശീയ വൈസ് പ്രസിഡൻറ് എ പി അബ്ദുള്ളക്കുട്ടി . വഖഫ് സ്വത്തുകൾ സംരക്ഷിക്കുകയാണ് ബിൽ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

(വോയിസ്)

വഖഫ് ഭേദഗതി ബിൽ മതേതര കക്ഷികൾക്ക് അംഗീകരിക്കാനാവില്ലെന്നും, ബില്ലിനെ ശക്തമായി എതിർക്കുമെന്നും മുസ്ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി കെ കുഞ്ഞാലിക്കുട്ടി. ബില്ല് സഭയിൽ പാസായാൽ ഇതിനെ നിയമപരമായി നേരിടുമെന്നും അദ്ദേഹം പറഞ്ഞു . മുനമ്പം

RIJUTVPM

വിഷയത്തിന് വഖഫ് ഭേദഗതിയുമായി ബന്ധമില്ലെന്നും കേരള സർക്കാരിന് പരിഹരിക്കാൻ കഴിയുന്ന കാര്യമാണിതെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

## ബി ജെ പി മാർച്ച്

വഖഫ് ഭേദഗതി ബില്ലിനെ എതിർത്ത പ്രതിപക്ഷ എം പി മാരുടെ ഓഫീസിലേക്ക് സംസ്ഥാനത്ത് ബി ജെ പി പ്രതിഷേധ മാർച്ച് നടത്തി. ബില്ലിനെതിരെ നിലപാടെടുത്ത യുഡിഎഫ്-എൽഡിഎഫ് എംപിമാരുടെ ഓഫീസിലേക്ക് നടന്ന മാർച്ച് ബിജെപി മുൻ സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. പ്രിയങ്കാ ഗാന്ധി, ശശി തരൂർ, ഇ ടി മുഹമ്മദ് ബഷീർ, എം പി അബ്ദു സമദ് സമദാനി, ആൻറോ ആൻറണി ഉൾപ്പെടെയുള്ള എംപിമാരുടെ ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് നടന്നു.

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി തായ്‌ലൻഡ്

RNU TVPM

ആറാമത് ബിംസ്റ്റെക് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ തായ്‌ലൻഡിലേക്ക് പുറപ്പെടും. രണ്ട് ദിവസം നീളുന്ന സന്ദർശനത്തിനിടെ തായ്‌ലൻഡ് പ്രധാനമന്ത്രി പെയ്‌ടോങ്ടാൺ ഷിനവത്രയുമായി അദ്ദേഹം ഉഭയകക്ഷി ചർച്ച നടത്തും. നിരവധി കരാറുകളിലും ഇരു രാജ്യങ്ങളും ഒപ്പുവെക്കും. പ്രധാനമന്ത്രിയുടെ മൂന്നാമത്തെ തായ്‌ലൻഡ് സന്ദർശനമാണിത്.

&&&&&&&&&&&&&&&&&&

**ആശാ പ്രവർത്തകർ**

സെക്രട്ടേറിയറ്റിന് മുന്നിൽ സമരം ചെയ്യുന്ന ആശാ പ്രവർത്തകരുമായി സംസ്ഥാന സർക്കാർ നാളെ വീണ്ടും ചർച്ച നടത്തും. ആരോഗ്യ മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് വൈകുന്നേരം 3 മണിക്കാണ് ചർച്ച. സി ഐ ടി യു, ഐ എൻ ടി യു സി തൊഴിലാളി സംഘടനാ പ്രതിനിധികളെയും ചർച്ചയ്ക്ക് ക്ഷണിച്ചിട്ടുണ്ട്. സമരം ആരംഭിച്ച ശേഷം ഇത് മൂന്നാം തവണയാണ് ആശാ പ്രവർത്തകരെ സർക്കാർ ചർച്ചയ്ക്ക് വിളിക്കുന്നത്. ഒരു വിഭാഗം ആശാ പ്രവർത്തകർ സെക്രട്ടറിയേറ്റിനു മുന്നിൽ നടത്തുന്ന രാപകൽ സമരം 52-ാംാം ദിവസത്തിലേയ്ക്കും അനിശ്ചികാല നിരാഹാര സമരം 14ആം ദിവസത്തിലേക്കും കടന്നിരിക്കുകയാണ്.

RNU TVPM

&&&&&&&&&&&&&&&&&&

**ക്ഷയരോഗ നിവാരണ പുരസ്കാരം**

ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങളിലെ മികവിന് ദേശീയ പുരസ്കാരം സ്വന്തമാക്കി കേരളം. ഇക്കഴിഞ്ഞ ഡിസംബർ 7 മുതൽ മാർച്ച് 7 വരെ നടന്ന 100 ദിനകർമ്മ പരിപാടിയിൽ പരമാവധി നാറ്റ് ടെസ്റ്റ് ചെയ്യുതിനുള്ള പുരസ്കാരമാണ് സംസ്ഥാനത്തിന് ലഭിച്ചത്. 5,588 ക്ഷയരോഗ ബാധിതരെ കണ്ടെത്തി തുടർചികിത്സ നൽകാനും സംസ്ഥാനത്തിന് സാധിച്ചു . കേരളത്തിന്റെ പ്രവർത്തനങ്ങളെ കേന്ദ്ര ആരോഗ്യ മന്ത്രി അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&

**സ്റ്റാർട്ട് അപ്പ് മഹാകുംഭ്**

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നാളെ മുതൽ ആരംഭിക്കുന്ന സ്റ്റാർട്ടപ്പ് മഹാകുംഭ് 2025 ൽ, കേരള സ്റ്റാർട്ടപ്പ് മിഷന് കീഴിലുള്ള പതിനാറ് സ്റ്റാർട്ടപ്പുകൾ പങ്കെടുക്കും. രാജ്യത്തെ സ്റ്റാർട്ടപ്പ് അന്തരീക്ഷവും നയങ്ങളും നവീകരണവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന സ്റ്റാർട്ടപ്പ് മഹാകുംഭിൻറെ രണ്ടാം പതിപ്പാണിത്. ലോകമെമ്പാടുമുള്ള വ്യവസായ വിദഗ്ധരും യൂണികോൺ സ്ഥാപകരും മൂന്ന് ദിവസം നീളുന്ന പരിപാടിയിൽ

RNU TVPM

പങ്കെടുക്കുന്നുണ്ട്. സംസ്ഥാനത്തിൻറെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്താൻ സ്റ്റാർട്ടപ്പ് മഹാകുംഭിലെ പങ്കാളിത്തം സഹായകമാകുമെന്ന് കേരള സ്റ്റാർട്ടപ്പ് മിഷന് സിഇഒ അനൂപ് അംബിക പറഞ്ഞു

&&&&&&&&&&&&&&&&&&&

**വിഷു-ഈസ്റ്റർ ചന്ത**

സംസ്ഥാന സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർഫെഡിൻറെ വിഷു-ഈസ്റ്റർ ചന്തകൾ ഈ മാസം 12ന് ആരംഭിക്കും. സംസ്ഥാന തല ഉദ്ഘാടനം 11-ന് മന്ത്രി വി.എൻ. വാസവൻ നിർവ്വഹിക്കും. ഏപ്രിൽ 21 വരെ തുടരുന്ന വിഷു-ഈസ്റ്റർ ചന്തയിലൂടെ, നിത്യോപയോഗ സാധനങ്ങൾ

40% വരെ വിലക്കുറവിൽ ലഭ്യമാകും.

RNU TVPM

&&&&&&&&&&&&&&&&&&&

**ചിഞ്ചു റാണി**

സംസ്ഥാനത്ത് ഉഷ്ണതരംഗം മൂലം വിവിധ ജില്ലകളിൽ കന്നുകാലികളുടെ മരണം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം അനുവദിക്കുമെന്ന് മന്ത്രി ജെ. ചിഞ്ചു റാണി. മൃഗസംരക്ഷണ- ക്ഷീരവികസന മേഖലയിലെ ഉന്നത

തല ഉദ്യോഗസ്ഥരുടെ അവലോകന യോഗത്തിൽ ഓൺലൈനായി പങ്കെടുക്കുകയായിരുന്നു മന്ത്രി. ക്ഷീര കർഷകർക്ക് താപനില സംബന്ധിച്ച മുന്നറിയിപ്പുകൾ എസ് എം എസ്സിലൂടെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും മന്ത്രി നിർദേശം നൽകി.

&&&&&&&&&&&&&&&&&&&

**സമ്മർ ബംപർ ഭാഗ്യക്കുറി/**

സമ്മർ ബംപർ ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനമായ പത്തു കോടി രൂപ SG 513715 എന്ന ടിക്കറ്റിന്. പാലക്കാട് വിറ്റ ടിക്കറ്റിനാണ് സമ്മാനം ലഭിച്ചത്. 250 രൂപയായിരുന്നു ടിക്കറ്റ് വില.

RNU TVPM

&&&&&&&&&&&&&&&&&&&

**അന്തരിച്ചു**

മുതിർന്ന മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ ഇവി ശ്രീധരൻ അന്തരിച്ചു. അസുഖ ബാധിതനായി ചികിത്സയിലിരിക്കെ വടകരയിലെ ആശുപത്രിയിലാണ് അന്ത്യം. കേരളകൗമുദി, കലാകൗമുദി, വീക്ഷണം തുടങ്ങിയ മാധ്യമങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്.

സംസ്കാരം ഇന്ന് രാത്രി വള്ളിക്കാട്ട് പടവെട്ടും താഴെ വീട്ടുവളപ്പിൽ നടക്കും.

&&&&&&&&&&&&&&&&&&&

## ഇന്ത്യൻ സൂപ്പർ ലീഗ്

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ സെമി ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ആദ്യപാദ സെമിയിൽ ഇന്ന് രാത്രി 7.30 ന് ഗോവ - ബംഗളൂരുവിനെ നേരിടും. മോഹൻ ബഗാനും - ജംഷഡ്പൂരുമായുള്ള സെമി ഫൈനൽ നാളെയാണ്. ഈ മാസം 6,7 തീയതികളിലാണ് രണ്ടാം പാദ സെമി. 12 നാണ് ഫൈനൽ മത്സരം.

&&&&&&&&&&&&&&&&&&&

## ഐ.പി.എൽ

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേർസ് ബെംഗളൂരു, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ബെംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് അടുത്ത 5 ദിവസം ഇടിമിന്നലോടു കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ

RNUTVPM

വകുപ്പ്. ഇന്ന് പാലക്കാട്, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ 8 ജില്ലകളിൽ മഞ്ഞ ജാഗ്രതാ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**മോക്ക് ഡ്രിൽ**

ചുഴലിക്കാറ്റിന്റെയും, അനുബന്ധ ദുരന്തങ്ങളുടെയും തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിനായി ദേശീയ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റികൾ സംയുക്തമായി ഈ മാസം 11 ന് മോക്ക് ഡ്രിൽ സംഘടിപ്പിക്കും. എറണാകുളം ഒഴികെയുള്ള 13 ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട 26 സ്ഥലങ്ങളിൽ ഒരേ സമയമാണ് മോക്ക് ഡ്രിൽ നടക്കുന്നത്.

RNU TVPM

&&&&&&&&&&&&&&&&&&

**ഓഹരി /സ്വർണം**

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തോടെ വ്യാപാരം അവസാനിപ്പിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 593 പോയിൻറ് നേട്ടത്തിൽ 76,617 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 167 പോയിൻറ് ഉയർന്ന് 23,332 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവിലയിൽ മാറ്റമില്ല. പവന് 68,080 രൂപയാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## നടി ഷീല

ചലചിത്രനടി ഷീല വരച്ച ചിത്രങ്ങളുടെ പ്രദർശനം നാളെ കോഴിക്കോട് ആർട്ട് ഗ്യാലറിയിൽ നടക്കും. സാംസ്ക്കാരിക ചലച്ചിത്ര പ്രവർത്തകരുടെ സാന്നിധ്യത്തിൽ നടക്കുന്ന പരിപാടിയിൽ 130-ലേറെ ചിത്രങ്ങളാണ് പ്രദർശിപ്പിക്കുക.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&
&&&&&&&
&&&&&&
&&&&
&&&
&&
&

RNJU TVPM